LIBRARY ARCHIVES Kerala Legislative Assembly

**മാവേലിക്കരയിൽ കെപ്കോ റീട്ടെയിൽ ഷോപ്പ് ആരംഭിക്കുന്നതിനുള്ള നടപടി**

238 (1712) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ് ഉടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ഷോപ്പ് ഉടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടില്ല.

(ബി) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ നിലവിലുള്ള ഏകമാംസസംസ്കരണകേന്ദ്രം തിരുവനന്തപുരം ജില്ലയിലെ പേട്ടയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഉല്പാദിപ്പിക്കുന്ന "കെപ്കോ കോഴിയിറച്ചി" തിരുവനന്തപുരം ജില്ലയിൽ മാത്രമേ ഇപ്പോൾ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. ആയതിനാൽ അടിയന്തരമായി മാവേലിക്കരയിൽ കെപ്കോ ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള ചില്ലറ വില്പന ശാഖ ഉടങ്ങുന്നത് തത്ക്കാലം പ്രായോഗികമല്ല. മധ്യകേരളത്തിൽ പുതിയ മാംസസംസ്കരണ കേന്ദ്രം ഉടങ്ങുന്ന മുറയ്ക്ക് മാത്രമേ മാവേലിക്കരയിൽ കെപ്കോ റീട്ടെയിൽ ഷോപ്പ് ഉടങ്ങുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

**പാഠപുസ്തക അച്ചടി**

239 (1713) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയാത്തതിനു കാരണം അച്ചടി വകുപ്പിന്റെ വീഴ്ചയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം വീഴ്ച സംഭവിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) അച്ചടി വകുപ്പിന്റെ വീഴ്ച കാരണമല്ല ഇപ്രകാരം സംഭവിച്ചതെങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സർക്കാർ പ്രസ്സുകളിൽ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നുണ്ടോ;

(ഇ) എങ്കിൽ നടപ്പ് അധ്യയനവർഷം വിതരണം ചെയ്യേണ്ട പുസ്തകങ്ങൾ സ്കൂളുകളിൽ എന്ന് ലഭ്യമാക്കാൻ കഴിയുമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) 2015-ലെ പാഠപുസ്തകങ്ങളുടെ അച്ചടിക്കാവശ്യമായ പേപ്പർ, ബോർഡ് എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും സ.ഉ. (സാധാ) നമ്പർ 4920/14/പൊവിവ നമ്പർ 11-11-2014-ലെ ഉത്തരവു പ്രകാരം ലഭ്യമാകുകയും തുടർന്ന് ദർഘാസ് നടപടികൾ പൂർത്തിയാക്കി ഡിപിസി ശിപാർശ പ്രകാരം പേപ്പർ പർച്ചേസിനുള്ള ഉത്തരവ് 24-1-2015-ലെ സ.ഉ. (സാധാ) നമ്പർ 150/2015/ഉവിവ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിതരണ ഉത്തരവുകൾ 28-1-2015-ന് നൽകുകയും 9-2-2015 മുതൽ കെ.ബി.പി.എസ്-ന് അച്ചടിക്കുള്ള പേപ്പറും ബോർഡുകളും കരാറുകാർ വിതരണം ആരംഭിക്കുകയും ചെയ്തു. പേപ്പർ ലഭ്യമാക്കിയതിനുശേഷം ഫെബ്രുവരി അവസാന ആഴ്ചയിൽ പാഠപുസ്തക അച്ചടി ആരംഭിച്ചു.

2015-16 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകഅച്ചടിക്കായി ഒന്നാംഘട്ടത്തിൽ ഏകദേശം രണ്ടുകോടി മുപ്പത്തി മൂന്നലക്ഷവും രണ്ടാം ഘട്ടത്തിൽ ഏകദേശം ഒരു കോടി 26 ലക്ഷവും പാഠപുസ്തകങ്ങളുടെ അച്ചടി ഉത്തരവ് 28-10-2014-ലെ എ 2-1633/2014 റ്റിബിഒ നം.ടെന്റേറ്റീവ് പ്രിന്റ് ഓർഡർ പ്രകാരം വിദ്യഭ്യാസ വകുപ്പിൽനിന്നും കെ.ബി.പി.എസ്.-ന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.ബി.പി.എസ് ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. എന്നാൽ ഒന്നാം ഘട്ടത്തിൽ 15-5-2015-നകം അച്ചടി പൂർത്തീകരിക്കുവാൻ കഴിയില്ലെന്ന് കെ.ബി.പി.എസ്.-ൽ നിന്നും അറിയിച്ചതിനെ തുടർന്ന് 60 ലക്ഷത്തോളം പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ അച്ചടിവകുപ്പിന് നിർദ്ദേശം നൽകുകയും 15-6-2015-നുള്ളിൽ 12 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിവകുപ്പ് അച്ചടിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏകദേശം 10 ലക്ഷം പുസ്തകങ്ങൾ ഔട്ട്സോഴ്സ് ചെയ്യുകയും ബാക്കി പുസ്തകങ്ങൾ മുഴുവനും കെ.ബി.പി.എസ്.-ൽ അച്ചടിക്കുകയും ഒന്നാം വാല്യം പാഠപുസ്തകങ്ങൾ 20-7-2015-ൽ വിതരണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാം വാല്യം പുസ്തകങ്ങൾ കെ.ബി.പി.എസ്.ൽ തന്നെ 25-10-2015-നകം അച്ചടിച്ച് പൂർത്തിയാക്കി 30-10-2015-നകം ഇൻഡന്റ് പ്രകാരമുള്ള വിതരണം ക്രമീകരിച്ചിരുന്നു. ഇൻഡന്റിന്റെ അപാകതയും മറ്റും പരിശോധിച്ച് 7-11-2015-നകം മുഴുവൻ സൊസൈറ്റികളിലേക്കുമുള്ള പുസ്തകങ്ങൾ നൽകി കഴിഞ്ഞു.

(ഡി) 2015-16 അദ്ധ്യയന വർഷം 60,38,200 ഒന്നാംവാല്യം പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി സർക്കാർ പ്രസ്സുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൽ 12 ലക്ഷത്തോളം പാഠപുസ്തകങ്ങൾ 15-6-2015-ൽ സർക്കാർ പ്രസ്സ് അച്ചടിച്ച് നൽകിയിട്ടുണ്ട്.

(ഇ) 2015-16 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയുടെ ഒന്നാംഘട്ടത്തിൽ പാഠപുസ്തകങ്ങൾ പൂർണ്ണമായും അച്ചടിച്ച് 20-7-2015-ന് വിതരണം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിൽ 7-11-2015-ൽ സ്കൂൾ സൊസൈറ്റികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.